**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1028** **14-01-2021 - ൽ മറുപടിയ്ക്ക്**

**ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ജല ശുദ്ധീകരണശാലയുടേയും അനുബന്ധ ജലവിതരണ സംവിധാനങ്ങളുടേയും പ്രവർത്തന മേൽനോട്ടം വഹിക്കേണ്ട തൈക്കാട്ടുശ്ശേരി സബ് ഡിവിഷൻ ജല ശുദ്ധീകരണശാലയോട് ചേർന്ന് പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ചേർത്തല താലൂക്ക് ആശുപത്രിക്ക് സമീപമാണ് ഇപ്പോൾ തൈക്കാട്ടുശ്ശേരി സബ്ഡിവിഷൻ പ്രവർത്തിക്കുന്നത്. എന്നാൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് മാത്രമായി നിലവിലെ ചട്ടങ്ങൾക്ക് അനുസൃതമായി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇതു മൂലം ഉദ്യോഗസ്ഥ മേൽനോട്ടക്കുറവിനാൽ ജല ശുദ്ധീകരണശാലയുടെ പ്രവർത്തനങ്ങളും അനുബന്ധ പഞ്ചായത്തുകളിലെ ജലവിതരണവും താറുമാറായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. ജലശുദ്ധീകരണശാലയുടെ പ്രവർത്തനങ്ങളും അനുബന്ധ പഞ്ചായത്തുകളിലെ ജലവിതരണവും യഥാവിധിയാണ് നടക്കുന്നത്. |
| (സി) | തൈക്കാട്ടുശ്ശേരി ജലശുദ്ധീകരണശാലയോട്ടു ചേർന്ന് സബ്ഡിവിഷൻ സെക്ഷൻ കാര്യാലയങ്ങൾ പ്രവർത്തിക്കുന്നതിന് പദ്ധതി ആരംഭിച്ച കാലം മുതൽ മാറ്റിയിട്ടിരിക്കുന്ന ഓഫീസ് ക്വാർട്ടേഴ്സുകൾ നശിച്ചുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിൽ ഓഫീസ് സംബന്ധമായ വിലപിടിപ്പുള്ള സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്നതിനാൽ നിലവിൽ ജീവനക്കാർക്കായി അനുവദിക്കാൻ സാധിച്ചിട്ടില്ല. ടി സാധനങ്ങൾ മാറ്റുന്ന മുറയ്ക്ക് ക്വാർട്ടേഴ്സ് ജീവനക്കാർക്ക് അനുവദിക്കുന്നതാണ്. |
| (ഡി) | ജല ശുദ്ധീകരണശാലയുടെ മേൽനോട്ടത്തിന് ചുമതലപ്പെട്ട തൈക്കാട്ടുശ്ശേരി സബ്ഡിവിഷൻ ഓഫീസും സെക്ഷൻ ഓഫീസും ശുദ്ധീകരണശാലയോട് അനുബന്ധിച്ച് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | സെക്ഷൻ ഓഫീസ് ജലശുദ്ധീകരണശാലയോട് ചേർന്നാണ് പ്രവർത്തിക്കുന്നത്. സബ് ഡിവിഷൻ കാര്യാലയം ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനത്തിന് മാത്രമായുള്ളതല്ല. അനുബന്ധ പഞ്ചായത്തിലെ കുടിവെള്ള വിതരണവും റവന്യൂ സംബന്ധിച്ച് പൊതുജനങ്ങളുടെ സൗകര്യവും കൂടി കണക്കിലെടുത്താണ് പ്രവർത്തിക്കുന്നത്. |
| (ഇ) | അരൂർ നിയോജകമണ്ഡലത്തിലെ തീരദേശ പഞ്ചായത്തുകളിലെ ജലവിതരണ മേൽനോട്ടം വഹിക്കുന്ന ചേർത്തല എക്സ്റേ കവലയിലെ സബ്ഡിവിഷൻ ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനും സെക്ഷൻ ഓഫീസുകൾ കുത്തിയതോട് പഞ്ചായത്തിലെ | (ഇ) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | ജലസംഭരണിയോട് ചേർന്ന് പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ